REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 03-07-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പഞ്ച രാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഘാനയിലെത്തി - രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി ഇന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോ സന്ദർശിക്കും.**
- **ഈ മാസം 21 മുതൽ ഓഗസ്റ്റ് 21 വരെ പാർലമെന്റിന്റെ വർഷകാല സമ്മേളനം ചേരുന്നതിന് രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകാരം നൽകിയതായി കേന്ദ്രമന്ത്രി കിരൺ റിജിജു.**
- **മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് കോട്ടയത്ത് മേഖലാ തല അവലോകന യോഗം ചേരും.**
- **വനമഹോത്സവം സംസ്ഥാനതല ഉദ്ഘാടനം ഇന്ന് കോട്ടയത്ത്.**
- **കൊട്ടിയൂർ വൈശാഖ മഹോത്സവം നാളെ സമാപിക്കും.**
- **അസ്താന ലോക ബോക്സിംഗ് കപ്പിൽ ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു.**

## വാർത്തകൾ വിശദമായി

പഞ്ച രാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഘാനയിലെത്തി. ഇന്നലെ രാത്രി ഘാന തലസ്ഥാനമായ അക്രയിലെത്തിയ പ്രധാനമന്ത്രിയ്ക്ക് ഗാർഡ് ഓഫ് ഓണറും 21 ഗൺ സല്യൂട്ടും ഉൾപ്പടെ ആചാരപരമായ സ്വീകരണം നൽകി, പ്രസിഡന്റ് ജോൺ ദ്രമാണി മഹാമ അദ്ദേഹത്തെ സ്വീകരിച്ചു.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

(വോയ്സ്.........)

അക്രയിലെ ജൂബിലി ഹൗസിൽ ഘാന പ്രസിഡന്റ് ജോൺ മഹാമയുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി. ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ആഴത്തിലാക്കുന്നതിനും വ്യാപാരം, നിക്ഷേപം, കൃഷി, ഡിജിറ്റൽ സാങ്കേതികവിദ്യ, ശേഷി വികസനം, അടിസ്ഥാന സൗകര്യങ്ങൾ, ജനങ്ങൾ തമ്മിലെ ബന്ധം എന്നിവയിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനെ കുറിച്ചും ഇരുരാജ്യങ്ങളും ചർച്ച ചെയ്തു. പ്രതിരോധ, സുരക്ഷാ സഹകരണത്തെക്കുറിച്ചും ഇരുവരും സംസാരിച്ചു. സാംസ്കാരിക വിനിമയം, പരമ്പരാഗത സംഗീതം തുടങ്ങിയ മേഖലകൾ ഉൾപ്പെടെ നാല് ധാരണാപത്രങ്ങളിൽ ഇരുനേതാക്കളും ഒപ്പുവച്ചു.

ചർച്ചകൾക്ക് ശേഷം നൽകിയ സംയുക്ത പത്രക്കുറിപ്പിൽ, ഇന്ത്യ-ഘാന ബന്ധത്തിന് സമഗ്ര പങ്കാളിത്തത്തിന്റെ രൂപം നൽകാൻ തീരുമാനിച്ചതായി നരേന്ദ്രമോദി അറിയിച്ചു. ഘാനയുടെ രാഷ്ട്രനിർമ്മാണത്തിൽ ഇന്ത്യ പങ്കാളി മാത്രമല്ല സഹയാത്രികനുമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് ഘാനയുടെ പരമോന്നത ബഹുമതിയായ "കമ്പാനിയൻ ഓഫ് ദി ഓർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഘാന" നൽകി ആദരിക്കും. പ്രസിഡന്റ് ജോൺ ഡ്രാമണി മഹാമ, പ്രധാനമന്ത്രിയ്ക്ക് ബഹുമതി സമ്മാനിക്കുമെന്ന് ഘാനയിലെ വിദേശകാര്യ മന്ത്രാലയത്തിൽ നടത്തിയ പത്രസമ്മേളനത്തിൽ, ഘാന വിദേശകാര്യ മന്ത്രി സാമുവൽ അബ്ലക്വ അറിയിച്ചു.

✪✪✪

പഞ്ച രാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ട്രിനിഡാഡ് ആൻഡ് ടൊബാഗോയിൽ എത്തും. ട്രിനിഡാഡ് ആൻഡ് ടൊബാഗോ പ്രസിഡന്റ് ക്രിസ്റ്റീൻ കാർല കംഗലൂ, പ്രധാനമന്ത്രി കമല പെർസാദ്-ബിസെസ്സർ എന്നിവരുമായി നരേന്ദ്രമോദി കൂടിക്കാഴ്ച നടത്തും.

✪✪✪

ഈ മാസം 21 മുതൽ ഓഗസ്റ്റ് 21 വരെ പാർലമെന്റിന്റെ വർഷകാല സമ്മേളനം ചേരുന്നതിന് ഗവണ്മെന്റിന്റെ നിർദ്ദേശം രാഷ്ട്രപതി ദ്രൗപതി മുർമു അംഗീകരിച്ചതായി പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു. സ്വാതന്ത്ര്യ ദിനാഘോഷങ്ങൾ കണക്കിലെടുത്ത് ഓഗസ്റ്റ് 13, 14 തീയതികളിൽ സമ്മേളനങ്ങൾ ഉണ്ടാകില്ലെന്ന് റിജിജു സാമൂഹ്യ മാധ്യമ പോസ്റ്റിൽ പറഞ്ഞു.

✪✪✪

സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധ്യക്ഷന്മാർ പങ്കെടുക്കുന്ന ദേശീയസമ്മേളനം ലോക്സഭാ സ്പീക്കർ ഓം ബിർള ഇന്ന് ഉദ്ഘാടനം ചെയ്യും. ജനാധിപത്യവും രാഷ്ട്രനിർമ്മാണവും ശക്തിപ്പെടുത്തുന്നതിൽ നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്നതാണ് രണ്ട് ദിവസത്തെ സമ്മേളനത്തിന്റെ പ്രമേയം. ഹരിയാനയിലെ മനേസറിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിൽ, ജനാധിപത്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള മികച്ച രീതികൾ, നഗര ഭരണത്തിനായുള്ള നൂതന സമീപനം, പൊതുവിതരണ സംവിധാനവും പൗരന്മാരുടെ ജീവിത നിലവാരവും മെച്ചപ്പെടുത്തുക തുടങ്ങിയ വിഷയങ്ങൾ ചർച്ചയാകും.

✪✪✪

മാലിയിലെ കെയ്സിൽ, ഡയമണ്ട് സിമന്റ് ഫാക്ടറിയിൽ നിന്നും മൂന്ന് ഇന്ത്യക്കാരെ തട്ടിക്കൊണ്ടുപോയ സംഭവത്തിൽ വിദേശകാര്യ മന്ത്രാലയം ആശങ്ക അറിയിച്ചു. ഇന്നലെയാണ് സായുധരായ ഒരു സംഘം, ഫാക്ടറി വളപ്പിൽ സംഘടിത ആക്രമണം നടത്തി ഇന്ത്യൻ പൗരന്മാരെ ബന്ദികളാക്കിയത്. പടിഞ്ഞാറൻ, മധ്യ മാലിയിലെ പല സ്ഥലങ്ങളിലും നിരവധി സൈനിക, ഗവണ്മെന്റ് സ്ഥാപനങ്ങൾ സംഘം ആക്രമിച്ചതായും മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

അക്രമത്തെ ഇന്ത്യ അപലപിച്ചു. തട്ടിക്കൊണ്ടുപോയ ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായും വേഗത്തിലും മോചിപ്പിക്കുന്നതിന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കാൻ മാലി ഗവണ്മെന്റിനോട് ആവശ്യപ്പെടുകയും ചെയ്തു.

✪✪✪

ജമ്മു കശ്മീർ കിഷ്ത്വാർ ജില്ലയിലെ വനപ്രദേശമായ ചത്രു പ്രദേശത്ത് ഭീകരരും സുരക്ഷാ സേനയും തമ്മിൽ വെടിവയ്പ്പുണ്ടായി. തീവ്രവാദികളുടെ സാന്നിധ്യമുണ്ടെന്ന വിവരത്തെ തുടർന്ന് സൈന്യത്തിന്റെയും CRPFന്റെയും സഹായത്തോടെ പോലീസ് തിരച്ചിൽ നടത്തുമ്പോഴാണ് ഏറ്റുമുട്ടൽ ആരംഭിച്ചതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

ഉധംപൂർ ജില്ലയിലെ ബസന്ത്ഗഡിലെ ബിഹാലി പ്രദേശത്ത് ഒരാഴ്ച മുൻപ് സുരക്ഷാ സേന നടത്തിയ ഏറ്റുമുട്ടലിൽ ഒരു ജെയ്ഷെ മുഹമ്മദ് ഭീകരൻ കൊല്ലപ്പെട്ടിരുന്നു.

✪✪✪

കോട്ടയം, എറണാകുളം, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ വിവിധ ഗവൺമെന്റ് പദ്ധതികളുടെ പുരോഗതി വിലയിരുത്താൻ മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് കോട്ടയത്ത് അവലോകന യോഗം ചേരും.മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കളക്ടർമാർ, മറ്റ് ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാന വനം വകുപ്പ് സംഘടിപ്പിക്കുന്ന വനമഹോത്സവം മന്ത്രി AK ശശീന്ദ്രൻ ഇന്ന് കോട്ടയത്ത് ഉദ്ഘാടനം ചെയ്യും. CMS കോളേജ് ഗ്രേറ്റ് ഹാളിൽ ഉച്ച കഴിഞ്ഞ് ആരംഭിക്കുന്ന പരിപാടിയിൽ മന്ത്രി VN വാസവൻ, MLA തിരുവഞ്ചൂർ രാധാകൃഷ്ണൻ തുടങ്ങിയവർ പങ്കെടുക്കും. പുതുതലമുറയിൽ പരിസ്ഥിതി ബോധം വളർത്തുന്നതിനും പ്രകൃതി സംരക്ഷണം പ്രോത്സാഹനമാകുന്ന തിനുമായാണ് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

തിരുവനന്തപുരത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന മുൻ മുഖ്യമന്ത്രിയും മുതിർന്ന CPIM നേതാവുമായ V.S അച്യുതാനന്ദന്റെ ആരോഗ്യസ്ഥിതി ഗുരുതരാവസ്ഥയിൽ തുടരുന്നു. V.S-ന്റെ രോഗ വിവരം അന്വേഷിച്ച് ശിവഗിരി മഠം പ്രസിഡന്റ് സച്ചിദാനന്ദ സ്വാമിയുടെ നേതൃത്വത്തിൽ സന്യാസിസംഘം ഇന്നലെ ആശുപത്രിയിൽ എത്തി. V.S-ന്റെ മകൻ V.A അരുൺകുമാറുമായും ആശുപത്രി അധികൃതരുമായും സംഘം സംസാരിച്ചു.

✪✪✪

വില്ലേജ് ഓഫീസുകൾ മുതൽ സെക്രട്ടേറിയറ്റ് വരെ മുഴുവൻ റവന്യൂ ഓഫീസുകളും സ്മാർട്ട് ആകുന്ന സാഹചര്യത്തിൽ ജീവനക്കാർക്ക് സൗകര്യപ്രദമായ താമസസൗകര്യം ഒരുക്കുക എന്ന ലക്ഷ്യം നടപ്പാക്കുമെന്ന് മന്ത്രി K. രാജൻ പറഞ്ഞു. കൂടരഞ്ഞി വില്ലേജ് സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ ഉദ്ഘാടനം ഓൺലൈനായി നിർവഹിക്കുകയായിരുന്നു മന്ത്രി.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവം നാളെ സമാപിക്കും. തൃക്കലശാട്ടോടെയാണ് വൈശാഖ മഹോത്സവം സമാപിക്കുക. അത്തം ചതുശതം, വാളാട്ടം എന്നിവ ഇന്ന് നടക്കും. പിന്നീട് 11 മാസക്കാലം അക്കരെ കൊട്ടിയൂരിൽ പ്രവേശനം ഉണ്ടാവില്ല.

✪✪✪

പ്രസിദ്ധമായ ആറന്മുള ക്ഷേത്രത്തിലെ വഴിപാട് വള്ളസദ്യകൾക്ക് ഈ മാസം 13 ന് തുടക്കമാകും. മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ വിപുലമായ ക്രമീകരണങ്ങളാണ് ഇത്തവണ ഏർപ്പെടുത്തിയിരിക്കു ന്നതെന്നും 'പള്ളിയോട സേവാ സംഘം' ഭാരവാഹികൾ പറഞ്ഞു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ.

...........വോയ്സ്.......

ആറൻമ്മുള ശ്രീ പാർത്ഥസാരഥിയുടെ ഇഷ്ട വഴിപാടായ വള്ളസദ്യകൾ ഈമാസം 13 മുതൽ ഒക്ടോബർ 2 വരെയുള്ള 80 ദിവസക്കാലം ആറൻമ്മുള ക്ഷേത്രത്തിൽ നടക്കും.. ഇക്കൊല്ലം ഇതുവരെ 400 വള്ള സദ്യകളാണ് ബുക്ക് ചെയ്തിട്ടുള്ളത്. പള്ളിയോട സേവാസംഘവുമായി ചേർന്ന് കെ എസ് ആർ ടി സി ഏർപ്പെടുത്തിയ പഞ്ചപാണ്ഡവ ക്ഷേത്ര ദർശനം ടൂറിസം പാക്കേജും ജൂലൈ 13 മുതൽ ഒക്ടോബർ 2 വരെയുള്ള ദിവസങ്ങളിലുണ്ടാകും. കെ എസ് ആർ ടി സി യുടെ പാക്കേജിന്റെ ഭാഗമായി എത്തുന്നവർക്ക് പാഞ്ചജന്യം ഓഡിറ്റോറിയത്തിലാണ് വള്ള സദ്യ ഒരുക്കുന്നത്. ഒരു വള്ള സദ്യ പള്ളിയോടങ്ങളിൽ വരുന്ന കരക്കാർക്കും വഴിപാട് കാരന്റെ അതിഥികളുമടക്കം 500 പേർക്കായി ക്രമപ്പെടുത്തിയിട്ടുണ്ട്. മറ്റ് ഭക്തർക്ക് ഓൺ ലൈനായി 250 രൂപ അടച്ച് പാഞ്ചജന്യം ഓഡിറ്റോറിയത്തിൽ നടക്കുന്നവള്ളസദ്യയിൽ പങ്കെടുക്കാൻ അവസരമുണ്ടെന്നും ഭാരവാഹികൾ പറഞ്ഞു.

✪✪✪

അസ്താന ലോക ബോക്സിംഗ് കപ്പിൽ ഇന്ത്യ സെമിഫൈനലിൽ പ്രവേശിച്ചു. വനിതകളുടെ 48 കിലോഗ്രാം വിഭാഗത്തിൽ മിനാക്ഷിയും, 80 കിലോഗ്രാം വിഭാഗത്തിൽ പൂജാ റാണിയുമാണ് സെമിഫൈനലിൽ പ്രവേശിച്ചത്. ഇതോടെ ഇരുവരും മത്സരത്തിൽ മെഡലുകൾ ഉറപ്പാക്കി.

51 കിലോഗ്രാം വിഭാഗത്തിൽ ഇന്ത്യയുടെ അനാമിക, ക്വാർട്ടർ ഫൈനലിലും പ്രവേശിച്ചിട്ടുണ്ട്.

✪✪✪

ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിലെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ അഞ്ച് വിക്കറ്റിന് 310 റൺസെടുത്തു. 114 റൺസുമായി ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും 41 റൺസുമായി രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ. ടോസ് നേടിയ ഇംഗ്ലണ്ട് ബൗളിംഗ്

തിരഞ്ഞെടുക്കുകയായിരുന്നു. അഞ്ച് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ട് ഇന്ത്യയെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി 1-0 ന് മുന്നിലാണ്.

✪✪✪

ആൻഡേഴ്സൺ-ടെണ്ടുൽക്കർ ട്രോഫി ക്രിക്കറ്റിലെ രണ്ടാം ടെസ്റ്റ് മത്സരത്തിൽ ഇന്ത്യ ഇംഗ്ലണ്ടിനെതിരെ അഞ്ച് വിക്കറ്റിന് 310 റൺസെടുത്തു. 114 റൺസുമായി ക്യാപ്റ്റൻ ശുഭ്മാൻ ഗില്ലും 41 റൺസുമായി രവീന്ദ്ര ജഡേജയുമാണ് ക്രീസിൽ. ടോസ് നേടിയ ഇംഗ്ലണ്ട് ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. അഞ്ച് മത്സര പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇംഗ്ലണ്ട് ഇന്ത്യയെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി 1-0 ന് മുന്നിലാണ്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ച വരെ വടക്കൻ ജില്ലകളിൽ ശക്തമായ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. ഇന്ന് കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

✪✪✪

കണ്ണൂർ ജില്ലയിൽ മഴ വീണ്ടും ശക്തമായി. കവചം മുന്നറിയിപ്പിന്റെ ഭാഗമായി ഇന്നലെ വൈകിട്ട് ദുരന്തനിവാരണസേന വിവിധ കേന്ദ്രങ്ങളിൽ സൈറൺ മുഴക്കി. മൂന്നുദിവസം കൂടി മഴ തുടരുമെന്നാണ് കാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.

✪✪✪

തമിഴ്നാട്ടിലെ കാഞ്ചീപുരം ജില്ലയിൽ കരിങ്കൽ ക്വാറിയിൽ ഇന്നലെ കാണാതായ വിദ്യാർത്ഥിയുടെ മൃതദേഹം കണ്ടെത്തി. മലപ്പുറം നിലമ്പൂർ പൂളപ്പാടം സ്വദേശി KP. മുഹമ്മദ് അഷ്മിലിന്റെ മൃതദേഹമാണ് കണ്ടെത്തിയത്.

ചെന്നൈയിൽ നിന്നെത്തിയ സ്കൂബാ ടീം നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. നടപടികൾ പൂർത്തിയാക്കി എത്രയും വേഗം മൃതദേഹം നാട്ടിലേക്ക് അയയ്ക്കുമെന്ന് തമിഴ്നാട് മുഖ്യമന്ത്രിയുടെ ഓഫീസ് അറിയിച്ചു.

✪✪✪

തൃശ്ശൂരിൽ പന്നിത്തടത്ത് ഇന്ന് പുലർച്ചെ ഒന്നരയോടെ KSRTCയും ലോറിയും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ 12 പേർക്ക് പരിക്ക്. ബസ് ഡ്രൈവറുടെ പരിക്ക് ഗുരുതരമാണെന്നാണ് റിപ്പോർട്ട്. വാഹനങ്ങൾ ഇടിച്ചു കയറി രണ്ട് കടകളും തകർന്നിട്ടുണ്ട്.

✪✪✪

തൃശൂർ കടങ്ങോട് ആദൂരിൽ വിദ്യാർത്ഥിയുൾപ്പടെ 3 പേരെ കടിച്ച തെരുവ് നായയ്ക്ക് പേ വിഷബാധ സ്ഥിരീകരിച്ചു. മണ്ണുത്തി വെറ്ററിനറി യൂണിവേഴ്‌സിറ്റിയിൽ നടത്തിയ നായയുടെ സ്രവ പരിശോധനയിലാണ് പേവിഷബാധയുണ്ടെന്ന് കണ്ടെത്തിയത്.

✪✪✪

KSEB-യുടെ പുതിയ സൗരോർജ്ജ നയത്തിൽ പ്രതിഷേധിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി സോളാർ ബന്ദ് നടത്തും. കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പുറത്തിറക്കിയ പുതിയ കരട് സൗരോർജ്ജ നയത്തിലെ നിർദ്ദേശങ്ങൾ അപ്രായോഗികവും കേരളത്തിന്റെ വൈദ്യുതി മേഖലയെ പ്രതികൂലമായി ബാധിക്കുന്നതുമാണെന്ന് കാണിച്ചാണ് സൗരോർജ്ജ മേഖലയിൽ നിക്ഷേപം നടത്തിയ സംരംഭകരുടെ സംഘടനയായ മാസ്റ്റേഴ്സ് അസോസിയേഷന്റെ നേതൃത്വത്തിൽ പ്രതിഷേധിക്കുന്നത്.

✪✪✪

CPI കണ്ണൂർ ജില്ലാ സമ്മേളനം നാളെ ആരംഭിക്കും. നാളെ വൈകുന്നേരം കണ്ണൂർ ടൗൺസ്ക്വയറിൽ പൊതുസമ്മേളനം ദേശീയ എക്സിക്യൂട്ടീവ് അംഗം P. സന്തോഷ് കുമാർ MP ഉദ്ഘാടനം ചെയ്യും.

✪✪✪

*News Editor: ശ്രുതി*
*News Reader: നിമിഷ ജി*
*NRT: ശരണ്യ രാജൻ*
*DEO : സി കെ സുബോധ്*